**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 958** **07-12-2022 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ദെലീമ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | അരൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കോളനികളിൽ ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിലെ ഉളവെയ്പ് അംബേദ്കർ കോളനിയെയും ഇളയപാടം ലക്ഷം വീട് കോളനിയെയും (2021-22) വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത കോളനികളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.<br><br>1. **ഉളവെയ്പ് അംബേദ്കർ കോളനി (2021-22)**<br><br>തൈകാട്ടുശ്ശേരി പഞ്ചായത്ത് ഉളവെയ്പ്പ് അംബേദ്കർ കോളനിയിൽ Sluice cover slab, Box culvert, Retaining Wall & Road work, Road Construction എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു.<br><br>**2. ഇളയപാടം ലക്ഷം വീട് കോളനി (2021-22)**<br><br>അരൂർ പഞ്ചായത്ത് ഇളയപാടം ലക്ഷം വീട് കോളനിയിൽ Box culvert, Retaining Wall & Road work, Shifting of KSEB poles എന്നീ പ്രവർത്തികൾ ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം അറിയിക്കാമോ; | (ബി) | പ്രസ്തുത കോളനികളിലെ വികസന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് നിർവഹണ ഏജൻസിയിൽ നിന്നും ലഭ്യമാക്കി ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | ജി.എസ്.ടി. യിൽ ഉണ്ടായ വർദ്ധനവ് മൂലം അനുവദിച്ച തുക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ